# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.(P10)-311/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 14/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.(P10)-311/2023 തീയ്യതി: 14/04/2023

## തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 15-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 17-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന. കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ. ശിവദാസൻ, എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യാ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ.കെ അനൂപ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സുരേഷ് കുമാർ ടി കെ | സെക്രട്ടറി | 01-04-2021 | 06-04-2021 |
| അജിത കെ | സെക്രട്ടറി | 07-04-2021 | 02-08-2021 |

| | | | |
|---|---|---|---|
| സബിത ജി | സെക്രട്ടറി | 03-08-2021 | 01-09-2021 |
| സുരേഷ് കുമാർ ടി കെ | സെക്രട്ടറി | 02-09-2021 | 16-09-2021 |
| സബിത ജി | സെക്രട്ടറി | 17-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നീന ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ജോൺസി. ടി. ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ശിവരാജൻ. കെ.ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ. എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു. ജി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| രേണുക പി വി | പ്രധാന അധ്യാപിക | 01-04-2021 | 31-03-2022 |
| രാഗി. എം.യു | വി.ഇ.ഒ സർക്കിൾ (നന്തിക്കര) | 01-04-2021 | 31-03-2022 |
| ജാസ്മിൻ സി എ | വി.ഇ.ഒ സർക്കിൾ ( പറപ്പൂക്കര) | 01-04-2021 | 06-10-2021 |
| എൻ. സി. കൃഷ്ണകുമാർ | വി.ഇ.ഒ സർക്കിൾ (പറപ്പൂക്കര) | 07-10-2021 | 31-03-2022 |
| സുരേഷ് കുമാർ ടി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഹേമ. കെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| അനില. ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. രാജീവ് | വെറ്റിനറി ഡോക്ടർ | 01-04-2021 | 07-12-2021 |
| ഡോ. ജോഷി ടി എ | വെറ്റിനറി ഡോക്ടർ | 08-12-2021 | 31-03-2022 |
| ജിബിന.എം. എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധന കാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി --ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തുനികുതി സഞ്ചയ പ്രകാരം മുൻകൂർ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക വാർഷികകണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-10-4 |
| 15 | ലൈബ്രററിസെസ്സ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | വസ്തുനികുതി, വാടക കുടിശ്ശികകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-6 |
| 17 | Prior Period Item -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-10-7 |
| 18 | കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-10-8 |
| 19 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് -സംയുക്ത പ്രോജക്ട് ലഡ്ജർ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-10-9 |
| 20 | Capital Contribution -തൻവർഷ പ്രവർത്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല | 1-10-10 |
| 21 | Cheques Deposited But Not Credited-വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-10-11 |
| 22 | Capital Work In Progress-വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-10-12 |
| 23 | Other Fixed Assets-ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയിരിക്കുന്നു | 1-10-13 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-14 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-15 |
| 26 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല | 1-10-16 |
| 27 | CFC-PFMSബാങ്ക് നീക്കിയിരിപ്പ് ബാധ്യത ശീർഷകവുമായി പൊരുത്തപ്പെടുന്നില്ല | 1-10-17 |

| | | |
|---|---|---|
| 28 | തൊഴിൽനികുതി അപാകതകൾ | 1-11 |
| 29 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ | 1-12 |
| 30 | റേഷൻ കട, അബ്കാരി ഷാപ്പ് എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 31 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-14 |
| 32 | ഒരേ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-15 |
| 33 | വസ്തുനികുതി മേഖലാ നിർണ്ണയ തീരുമാനം അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ് | 1-16 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം | 1-17 |
| 35 | വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-18 |
| 36 | ലൈഫ് ഭവനനിർമാണം-പണി പൂർത്തീകരിക്കേണ്ടതാണ്. | 1-19 |
| 37 | കുടിവെള്ള വിതരണം-വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ് | 1-20 |
| 38 | മണ്ണ് കുഴിച്ചെടുത്തത് സമയബന്ധിതമായി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാത്തതു മൂലം മണ്ണ് ലേലം ചെയ്യാനായില്ല. ആകെ 135201 രൂപയുടെ വരവു നഷ്ടം. | 1-21 |
| 39 | കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ ചേർക്കാത്തതു മൂലം മണ്ണ് ഏതു വിധത്തിൽ ഉപയോഗിച്ചു എന്നതിൽ അവ്യക്ത. 112689രൂപയുടെ മണ്ണ് ഏതു വിധത്തിൽ ഉപയോഗിച്ചു എന്ന് ഭരണ സമിതി പരിശോധിക്കേണ്ടതാണ്. | 1-22 |
| 40 | സമയബന്ധിതമായി സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു ശേഷം സമയം വൈകി പിഴ കൂടാതെ കരാർ ഒപ്പിട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-23 |
| 41 | സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം വൈകി വെച്ച എഗ്രിമെന്റിന് പിഴ ഈടാക്കിയിട്ടില്ല | 1-24 |
| 42 | സുഭിക്ഷകേരളം -കറവ പശു വിതരണം സബ്സിഡി തുക പശുക്കളെ വില്പനനടത്തിയവരുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-25 |
| 43 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-കാലിതീറ്റ വിതരണം ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോകുന്നു | 1-26 |
| 44 | കരാർ തുക രണ്ടര ലക്ഷത്തിലേറെ അധികരിച്ചിട്ടും പർച്ചേസ് ബില്ലിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-27 |
| 45 | കാരുണ്യ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽനിന്നും മെഡിസിൻ ലഭ്യമാക്കിയിട്ടില്ല | 1-28 |
| 46 | ഘടകസ്ഥാപനങ്ങളിലേക്ക് ഹരിത ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി ബയോകമ്പോസ്റ്റ് ബിൻ വാങ്ങിയത്- വിതരണം നിർദ്ദിഷ്ട പദ്ധതിയിൽ നിന്നും വ്യതിചലിച്ചു. | 1-29 |
| 47 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക അടവാക്കി | 1-30 |
| ഭാഗം **2** | | |
| 1 | മണ്ണ് കുഴിച്ചെടുത്തത് സമയബന്ധിതമായി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാത്തതു മൂലം മണ്ണ് ലേലം ചെയ്യാനായില്ല. ആകെ 135201 രൂപയുടെ വരവു നഷ്ടം. | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16-2-2021 | 3 | 232222929 | 213062940 |

### 1-2 വാർഷിക ധന കാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 08-07-22 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 37473691.15 |
| ഓഡിറ്റ് വർഷത്തെ വരവ് | 93084219 |
| ആകെ | 130557910.15 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 116346819 |
| നീക്കിയിരിപ്പ് | 14211091.15 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നഷ്ടമായത് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 16355466 | 16355466 | 0 |
| വികസനഫണ്ട്-എസ് സി പി | 10519334 | 10519334 | 0 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 17574000 | 15316446 | 2257554 |
| മെയിന്റനൻസ്-നോൺറോഡ് | 5848816 | 2510926 | 3337890 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 8059682 | 5801059 | 2258623 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | 3347273 | 2550073 | 797200 |

.

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 214 | 122756333 | 181 | 76157319 | 62% | 84.57% |

### 1-6 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10142400 | 735 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 20445400 | 1347 |
| വാർദ്ധക്യകാല പെൻഷൻ | 38008000 | 2718 |
| വികലാംഗ പെൻഷൻ | 5516400 | 356 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1693600 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 510000 | 17 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | 1025591 | 1025591 | 1023979 | 1612 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20609349 | 20609349 | 20609349 | 0 |
| ക്യാപിറ്റൽ എക്സ്പന്റിച്ചർ | 0 | 6163183 | 6163183 | 6163183 | 0 |
| ആകെ | | 27798123 | 27798123 | 27796511 | 1612 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.23 തീയതിയിൽ 3.45 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 61995/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഒന്നാംഭാഗത്തിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷികകണക്കിലെ അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി --ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

1.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1തൻവർഷം

1.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3172571 | 3152671 | 26678 | 3763 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3172571 | 3142192 | 13548 | 3763 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 3952/105X100)= 3763 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2304692 | 2137702 | 24460 | 147261 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2304692 | 2132978 | 4922 | *147262 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( 154626/105X100)= 3763 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2കുടിശ്ശിക

1.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 43670 | 31798 | 11894 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 44686 | 31798 | 11899 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (24291+22629)=46920/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | *( 12494/105X100)= 3763 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 208789 | 73753 | 135042 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 226418 | 73753 | 135047 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് | *( 141800/105X100)= |

| | | | |
|---|---|---|---|
| | (92757+144982)=237739/105*100) | പത്രിക ,ഷെഡ്യൂൾ ആർ.പി-43) | 3763 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.3 "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

## 1-10-3 വസ്തുനികുതി സഞ്ചയ പ്രകാരം മുൻകൂർ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക വാർഷികകണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 10479 | 645830 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 4724 | 179629 |

## 1-10-4 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 216പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം(1/4/21) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-5 ലൈബ്രററിസെസ്സ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത്

കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

(വസ്തുനികുതിയിലെ വ്യത്യാസം ഖ.1-10-2ൽ കാണിച്ചിട്ടുണ്ട്)

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 161794 | 2228 | 164022 | 160456 | 1606 | 162062 | 1595 | | 189 | 600 | 789 |
| | നോൺ-റെസിഡൻഷ്യൽ | 115857 | 10459 | 126316 | 107477 | 3695 | 111172 | 1244 | | 7365 | 6758 | 14123 |
| | ആകെ | | | 290338 | | | 273234 | 2839 | | 14912 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 219284 | | | 273234 | | | | 276372 | 14912 | | |
| | | 13633+161794+115857 = 219284(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-6 വസ്തുനികുതി, വാടക കുടിശ്ശികകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-7 Prior Period Item -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residenti2al Buildings | 12963 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 38175 |
| 280200101-Prior Period Income-Rent From Building | 24000 |
| 280600101-Prior Periodexpences-Remission And Refund | 17200 |

| | |
|---|---|
| 280800701-Prior Period- Miscellaneous Expenses | 355375 |

### 1-10-8 കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

### 1-10-9 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് -സംയുക്ത പ്രോജക്ട് ലഡ്ജർ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700105 | Contributions For Joint Venture Projects (For Capital Expenditure)-Distict Panchayath | 200000 | | | |
| 2 | 320700204 | Contributions For Joint Venture Projects (For Revenue Expenditure)-Block Panchayath | 941271 | 450650109-Treasury Special TSB-Joint Venture-632046/- | | |
| 3. | 320700205 | Contributions For Joint Venture Projects (For Revenue Expenditure)-Distict Panchayath | 121812 | | | |
| 4 | 320700304 | Contributions For Joint | 10000 | | | |

| | | | |
|---|---|---|---|
| | | Venture Projects (For Capital Expenditure)-Block Panchayath | |
| | | Total | 1273083 |

### 1-10-10 Capital Contribution -തൻവർഷ പ്രവർത്തികളുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ്(58126759/-) 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-10-11 Cheques Deposited But Not Credited-വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 4303/-രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നമ്പർ /തീയ്യതി | തുക |
|---|---|---|
| തൃശ്ശൂർ ജില്ല സഹകരണബാങ്ക്, 150212801000013 | 91500001/12.10.15<br>3647/28.1.2010 | 553<br>3750 |
| | | 4303/- |

### 1-10-12 Capital Work In Progress-വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11(a) Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന 1970577/-രൂപ യുടെ കാൽക്കുലേഷൻ/വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-10-13 Other Fixed Assets-ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയിരിക്കുന്നു

31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assetsഎന്ന ആസ്തികൾക്ക്333912രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 1122418/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-10-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (23262600) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (16897408) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ

രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-16 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)).

## 1-10-17 CFC-PFMSബാങ്ക് നീക്കിയിരിപ്പ് ബാധ്യത ശീർഷകവുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 ശീർഷകം 450650109-Co Operative Bank -CFCPFMS ന്റെ 31/3/2022 ലെ നീക്കിയിരിപ്പ് 2016096/- രൂപയാണ് എന്നാൽ ടി തുകയുടെ ബാധ്യത ശീർഷകങ്ങളായ ( ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4) 320200111-Development Fund-CFC Tied,320200112-Development Fund-CFC Untied എന്നിവ പ്രകാരം നീക്കിയിരിപ്പ് 2016131/- രൂപയും.ടി വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-11 തൊഴിൽനികുതി അപാകതകൾ

I. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും/പഞ്ചായത്ത് പരിധിയിൽ കരാർ ഏറ്റെടുത്ത് പ്രവർത്തിച്ച് കരാറുകാരിൽ നിന്നും അവർക്ക് നൽകിയ കരാർ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. എന്നാൽ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ കരാർ ഏറ്റെടുക്കുകയും എന്നാൽ തൊഴിൽ നികുതി അടവാക്കാതെയും കരാറുകാർ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | അനന്തരാമൻ കെ.ആർ |
| 2. | പി.ആർ നാരായണൻ |
| 3. | മറ്റത്തൂർ ലേബർ കോൺട്രാക്ട്സ് സൊസൈറ്റി |
| 4. | ഷമ്മി |
| 5. | ബാബു.പി.എൽ |
| 6. | വിനോദ്കുമാർ |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.06/21-22 , തീയതി:23.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.22/21-22, തീയതി:27.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ പറയുന്ന സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കാവുന്നതും തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. കൂടാതെ തുക ഈടാക്കിയ വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

| ക്രമ | സ്ഥാപനം | ജീവനക്കാരുടെ |
|---|---|---|

| നം. | | എണ്ണം |
|---|---|---|
| 1. | ജെന്റിൽ ആയുർവേദിക് | 5 |
| 2. | പാക്കേക് ഇൻഡസ്ട്രീസ് | 7 |
| 3. | സുഭാഷ് ക്രഷേർസ് | 10 |
| 4. | സെഞ്ച്വറി ടൈൽസ് | 7 |
| 5. | ശിവപാർവ്വതി മാർജിൻഫ്രീ മാർക്കറ്റ് | 7 |
| 6. | പാലക്കാട് സെറാമിക്സ് | 8 |
| 7. | സൂര്യ വുഡ് ഡിസൈൻസ് | 7 |
| 8. | S.S പോളിമേഴ്സ് | 18 |
| 9. | R.P ഫർണീച്ചർ ഇൻഡസ്ട്രീസ് | 8 |
| 10. | ശ്രീ.അയ്യപ്പ പെട്രോപാർക്ക് | 9 |
| 11. | ഇന്റർനാഷണൽ റബ്ബർ ഇൻഡസ്ട്രീസ് | 7 |
| 12. | ഹരിശ്രീ ആയുർവേദിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 11 |
| 13. | ക്ലാരിയൻറ് പോളിമേഴ്സ് | 5 |
| 14. | കാളൻ ഡ്രഗ്സ് & റെമഡീസ് | 12 |
| 15. | M.V കൺസ്ട്രക്ഷൻസ് & മെറ്റീരിയൽസ് | 7 |

## 1-12 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ

2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(Ii) ആട് ഫാം : 20 മൃഗങ്ങൾ

(Iii) പന്നി ഫാം : 5 മൃഗങ്ങൾ

(Iv) മുയൽ ഫാം : 25 മൃഗങ്ങൾ

(V) പൗൾട്ടി ഫാം : 100 പക്ഷികൾ

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചപ്പോൾ 2021-22 സാമ്പത്തികവർഷം ലൈവ്സ്റ്റോക്ക് ഫാമുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കണ്ടില്ല. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ(ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാത്ത ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | ഉണ്ണികൃഷ്ണൻ | 16/60A | 149.61 | കോഴി വളർത്തൽ ഷെഡ് |
| 2. | ഉഷ രാജൻ | 9/189A | 217.45 | കോഴി വളർത്തൽ ഷെഡ് |
| 3. | മനോജ് | 9/308A | 219.67 | കോഴി വളർത്തൽ ഷെഡ് |
| 4. | ജോബി | 8/275A | 141.12 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 5. | ദിലീപൻ, ശാന്ത | 5/459A | 86.59 | കോഴി വളർത്തൽ ഷെഡ് |
| 6. | സിദ്ധാർത്ഥൻ | 3/373A | 93.2 | കോഴി വളർത്തൽ |

| | | | | |
|---|---|---|---|---|
| | | | | ഷെഡ് |
| 7. | ഡേവിസ് | 2/215B | 187.38 | ലൈവ്സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.09/21-22 , തിയതി:24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകളെ കണ്ടെത്തി ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുകയോ അല്ലെങ്കിൽ 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നു പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-13 റേഷൻ കട, അബ്കാരി ഷാപ്പ് എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FACTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ARD.346 നമ്പർ റേഷൻകട മാത്രമാണ് പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ അബ്കാരി ഷോപ്പുകൾ ഒന്നുംതന്നെ ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.16/21-22 , തീയതി:24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകളും, അബ്കാരി ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി അവരെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച് തനതുവരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

I. വഴിയുടെ വീതി കണക്കാക്കിയതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും, വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധന വരുത്താവുന്നതാണ്.

എന്നാൽ ഓഡിറ്റിന്റെ ഭാഗമായി ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിനായി റോഡ്തരം രേഖപ്പെടുത്തിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടങ്ങളിലേക്കുള്ള പ്രവേശന സൗകര്യം 5 മീറ്ററിന് മുകളിലുള്ള റോഡിൽ നിന്നുമാണ്. ആയത് പ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്താവുന്നതാണ്. ഇപ്രകാരം വർദ്ധനവ് നൽകാതിരുന്നതിലൂടെ വാർഷികവസ്തുനികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

| കെട്ടിട വിവരം | | | | നിലവിൽ നിർണ്ണയിച്ചത് | | നിർണയിക്കേണ്ടിയിരുന്നത് | |
|---|---|---|---|---|---|---|---|
| ക്രമ നം. | ഉടമസ്ഥൻ, കെട്ടിട നം | ഉപയോഗക്രമം | വിസ്തീർണ്ണം | റോഡ് തരം | വർദ്ധനവ്/ഇളവ് | റോഡ് തരം(പ്ലാൻ/സഞ്ചയ പ്രകാരം) | വർദ്ധനവ്/ഇളവ് |
| 1. | വിനയൻ.പി.വി, 1/389A | വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | 49.90 | 1.5 മീറ്ററോ അതിൽ കുറവോ | 10% ഇളവ് | 5 മീറ്ററിൽ കൂടുതൽ | 20% വർദ്ധനവ് |
| 2. | ശേഖർ, 8/518A | വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | 149.2 | പഞ്ചായത്ത് റോഡ്, 1.5 മീറ്ററിൽ കൂടുതൽ | ഇളവും,വർദ്ധനയും ഇല്ല | 5 മീറ്ററിൽ കൂടുതൽ | 20% വർദ്ധനവ് |

ഇപ്രകാരം പ്രവേശനസൗകര്യം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21-22 , തീയതി.24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം പ്രവേശനസൗകര്യം തെറ്റായി കണക്കാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21-22 , തീയതി.24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. ഒരേ റോഡിലെ മൂന്ന് കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളാക്കി തിരിച്ചിരിക്കുന്നു

ശ്രീ.ലിന്റോ വിൻസെന്റിന്റെ ഉടമസ്ഥയിലുള്ള 12/404C നമ്പർ കെട്ടിടം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള നെല്ലായി ആനന്ദപുരം റോഡിലാണ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത കെട്ടിടത്തിനെ ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമായി കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ഇതേ റോഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളായി തിരിച്ച് വസ്തുനികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമസ്ഥൻ | കെട്ടിട നമ്പർ | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ് | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല |
|---|---|---|---|
| ലിന്റോ | 12/404C | നെല്ലായി ആനന്ദപുരം റോഡ് | ദ്വിതീയം |
| ഷാന്റോ | 12/404 | നെല്ലായി ആനന്ദപുരം റോഡ് | ദ്വിതീയം |
| ജോസ് ആന്റണി | 12/404A | നെല്ലായി ആനന്ദപുരം റോഡ് | പ്രാഥമികം |

ഇപ്രകാരം ഒരേ റോഡിൽ സ്ഥിതി ചെയ്യുന്ന സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21-22 , തീയതി.24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

III. ഒരേ റോഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത പ്രവേശന സൗകര്യമുള്ള റോഡ് രേഖപ്പെടുത്തിയിരിക്കുന്നു.

ശ്രീ.വിപിൻ ദാസിന്റെ ഉടമസ്ഥതയിലുള്ള 120.11 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 2021-22 സാമ്പത്തികവർഷത്തിൽ 12/298A നമ്പർ അനുവദിച്ചിട്ടുണ്ട്. ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന പ്രസ്തുത കെട്ടിടത്തിന് 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള പഞ്ചായത്ത് റോഡിൽ നിന്നുമാണ് പ്രവേശന സൗകര്യം. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന് നമ്പർ നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ഉടമസ്ഥൻ സമർപ്പിച്ച ലൊക്കേഷൻ സ്കെച്ച് പ്രകാരം കെട്ടിടത്തിന് സമീപമുള്ള കെട്ടിടം ടിയാന്റെ തന്നെ ഉടമസ്ഥയിലുള്ള 12/298 നമ്പർ കെട്ടിടം ആണ്. എന്നാൽ ആയതിലേക്കുള്ള പ്രവേശന സൗകര്യവും 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള പഞ്ചായത്ത് റോഡിൽ നിന്നുമാണ് എന്നിരിക്കെ സഞ്ചയയിൽ 1.5 മീറ്ററിൽ കൂടുതലുള്ള പോങ്കോത്ര-കപ്പേള റോഡ് എന്നാണ് നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന് വസ്തുനികുതിയിൽ വർദ്ധനവോ/ഇളവോ നൽകിയിട്ടില്ല. ഇപ്രകാരം ഒരേ റോഡിൽ സ്ഥിതി ചെയ്യുന്നതും ഒരേ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ വ്യത്യസ്ത വീതിയിലുള്ള റോഡുകളിൽ നിന്നും പ്രവേശനസൗകര്യം രേഖപ്പെടുത്തിയതിലൂടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഒരേ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യം നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21-22, തീയതി.24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിൽ വരുത്തുന്ന അപാകതകൾ തനതുവരുമാനത്തെ ബാധിക്കുമെന്നിരിക്കെ ഭാവിയിൽ ഇത്തരം വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധവെച്ചു പുലർത്തേണ്ടതാണ്.

IV. ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടത്തിനെ തൃതീയമേഖലയിൽ ഉൾപ്പെടുത്തി

ബാലകൃഷ്ണന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2021-22 സാമ്പത്തികവർഷം 18/163A എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള മുളങ്ങ് മാടപ്പുറം റോഡിലാണ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത കെട്ടിടത്തിനെ ത്രിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% ഇളവ്

നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ചിരിക്കുന്ന ലൊക്കേഷൻ സ്കെച്ച് പ്രകാരവും ഓവർസീയറുടെ റിപ്പോർട്ട് പ്രകാരവും പ്രസ്തുത കെട്ടിടത്തിന്റെ സമീപമുള്ളത് 18/386A നമ്പർ കെട്ടിടമാണ്. സഞ്ചയ പ്രകാരം ടി കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ സമീപത്ത് സ്ഥിതി ചെയ്യുന്ന ശ്രീ.ബാലകൃഷ്ണന്റെ ഉടമസ്ഥയിലുള്ള 18/163A കെട്ടിടത്തെയും ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 20% നികുതി ഇളവ് എന്നതിന് പകരം 10% നികുതി ഇളവ് നൽകേണ്ടതാണ്. ഇപ്രകാരം ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തിനെ തൃതീയമേഖലയിൽ ഉൾപ്പെടുത്തിയതിലൂടെ വസ്തുനികുതിയിൽ 10% അധികം ഇളവ് നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21-22, തീയതി.24.02.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി നൽകിയ ഇളവ് റദ്ദാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും തുക ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ വസ്തുനികുതി നിർണ്ണയത്തിൽ വരുത്തുന്ന അപാകതകൾ തനതുവരുമാനത്തെ ബാധിക്കുമെന്നിരിക്കെ ഭാവിയിൽ ഇത്തരം വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധവെച്ച് പുലർത്തേണ്ടതാണ്.

## 1-15 ഒരേ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 ആം ചട്ടം 1 ആം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2) ആം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്നപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതുപ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികളായി തിരിച്ചതിന് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസ്സസ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന വസ്തുനികുതി നിർണയിച്ചിട്ടില്ല. ശ്രീ.എം.എ തോമസിന്റെ ഉടമസ്ഥയിലുള്ള 14/84D,14/84E,14/84F എന്നീ നമ്പർ റൂമുകൾ ഉൾപ്പെട്ട കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 114.35 ചതുരശ്ര മീറ്ററാണ്. ആയത് പ്രകാരം പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 64 ച.മീ, 35.10 ച.മീ, 15.25 ച.മീ വിസ്തീർണമുള്ള 3 മുറികളായി തിരിച്ച് അവയെ 100 ച.മീ വരെ തറ വിസ്തീർണം ഉള്ള കെട്ടിടമായി പരിഗണിച്ചാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം നികുതി നിശ്ചയിച്ചതിലൂടെ വസ്തുനികുതി ഇനത്തിൽ 4322 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി നിശ്ചയിക്കേണ്ടത്.

| ക്രമ നം. | ഇനം | നിരക്ക്(രൂപ/ച.മീ) |
|---|---|---|
| 1. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടം | 30 |
| 2. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ നു മുകളിലുള്ള കെട്ടിടം കെട്ടിടം | 60 |

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 64+35.10+15.25=114.35m2 |
| അടിസ്ഥാന നികുതി | 30 |
| അടിസ്ഥാന വസ്തു നികുതി | 114.35*30=3430.5 |
| ഇളവുകൾ | 0.00 |
| വർദ്ധന (20%) | 686 |
| വാർഷിക വസ്തു നികുതി | 4117 |

| | |
|---|---|
| ലൈബ്രറി സെസ്സ് | 206 |
| ആകെ നികുതി തുക | 4323/- രൂപ |
| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
| വിസ്തീർണ്ണം | 64+35.10+15.25=114.35m2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 114.35*60=6861 |
| ഇളവുകൾ | 0.00 |
| വർദ്ധന | 1372 |
| വാർഷിക വസ്തു നികുതി | 8233 |
| ലൈബ്രറി സെസ്സ് | 412 |
| ആകെ നികുതി തുക | 8645 രൂപ |

മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.10/21-22,തീയതി.24.02.2023) ടാക്സ് റിവിഷൻ നടത്തി പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി ഉയർന്ന വസ്തുനികുതി നിർണയിക്കുന്നതാണെന്നും വസ്തുനികുതി ഇനത്തിൽ ഉണ്ടായ 4322/- രൂപയുടെ നഷ്ടം കെട്ടിട ഉടമയിൽ നിന്നും ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിട ഉടമയിൽ നിന്നും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

### 1-16 വസ്തുനികുതി മേഖലാ നിർണ്ണയ തീരുമാനം അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും, വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയെ പ്രാഥമികം, ദ്വിതീയം, തൃതീയം ആയി തിരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കാവുന്നതാണ്. കൂടാതെ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം/ റോഡുകളുടെ വീതിയുടെ അടിസ്ഥാനത്തിലും ഇളവ്/വർദ്ധന അനുവദിക്കാവുന്നതാണ്. ആയതിനാൽ വസ്തുനികുതി ഈടാക്കുന്നതിനായി മേഖലകളെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ തരംതിരിച്ചതിന്റെ ഭരണസമിതി തീരുമാനം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.7/21-22,തീയതി.23.02.2023) കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയെ പ്രാഥമികം, ദ്വിതീയം, തൃതീയം ആയി തിരിച്ച് 2011-12 കാലയളവിൽ ഭരണസമിതി തീരുമാനമെടുത്തിരുന്നുവെന്നും എന്നാൽ 2018 ലെ പ്രളയത്തിൽ പഞ്ചായത്താഫീസ് പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപോയതിനാൽ മിനിട്സുകളും രജിസ്റ്ററുകളും നഷ്ടപ്പെട്ടെന്നും ആയതിനാൽ സഞ്ചയയിൽ നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് അവയുടെ മേഖലയും റോഡും മനസ്സിലാക്കിയാണ് ഇപ്പോൾ പുതിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിശ്ചയിച്ച് നമ്പറുകൾ അനുവദിക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് ആയവയുടെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നമ്പറുകൾ അനുവദിക്കുമ്പോൾ ഒരേ റോഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുന്നതായും, ഒരേ റോഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത പ്രവേശന സൗകര്യമുള്ള റോഡ് രേഖപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ വരുത്തുന്നത് തനതുവരുമാനത്തെ ബാധിക്കുമെന്നതിനാൽ പഞ്ചായത്തിനെ ഈ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ മേഖലകളാക്കി തിരിക്കുവാനുള്ള തീരുമാനം അടിയന്തിരമായി കൈകൊള്ളാവുന്നതാണ്.

### 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ, സാമൂഹ്യ സുരക്ഷാപെൻഷൻ ഫയൽ പരിശോധനയിൽ, സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഈ ഗുണഭോക്താവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ നിൽക്കുന്നതായും, ടിയാളുടെ പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നതായും, തുക എക്കൗണ്ടിലേക്ക് വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കൾക്ക് പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ നിന്നും, മരണ സർട്ടിഫിക്കറ്റ്, മരണം നടന്ന് അധികം താമസിയാതെ തന്നെ നൽകിയിട്ടുണ്ട് എങ്കിലും, പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താവിന്റെ പേര് നീക്കം ചെയ്യുന്നതിൽ പിന്നെയും കാലതാമസം

നേരിട്ടുന്നതായും, ചില അക്കൗണ്ടുകൾ ഓഡിറ്റ് തിയതിയിലും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സാമൂഹ്യ സുരക്ഷാപെൻഷൻ തരം | മരണം നടന്ന തിയതി | മരണസർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ശ്രീധരൻ.എൻ.കെ.നമ്പുകുളങ്ങര | വാർദ്ധക്യകാല പെൻഷൻ | 28-5-2020 | 100/20,dt.5-8-20, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തിയതിയിലും പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നു |
| നാരായണി.എം.കെ, പള്ളത്ത് | വിധവാ പെൻഷൻ | 21-6-20 | 98/20,dt.3-8-20,പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 10/22 ൽ ആണ് സസ്പെന്റ് ചെയ്തത് |
| താണ്ട,കള്ളിവളപ്പിൽ | വിധവാ പെൻഷൻ | 16-6-20 | 93/20,dt.23-7-20,പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 10/21 ൽ ആണ് സസ്പെന്റ് ചെയ്തത് |
| കുഞ്ഞിലിക്കുട്ടി വാറുണ്ണി, കൊമ്പൻ ഹൗസ് | വാർദ്ധക്യകാല പെൻഷൻ | 29-4-20 | 80/20,dt.12-6-20,പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 11/22 ൽ ആണ് സസ്പെന്റ് ചെയ്തത് |
| അന്തോണി,മാഞ്ഞൂരാൻ | കർഷകതൊഴിലാളി പെൻഷൻ | 3-3-20 | 78/20,dt.9-6-20,പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തിയതിയിലും പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നു |
| രാമൻകുട്ടിനായർ | കർഷകതൊഴിലാളി പെൻഷൻ | 24-2-20 | 64/20,dt.20-5-20,പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 10/21 ൽ ആണ് സസ്പെന്റ് ചെയ്തത് |
| തങ്കമ്മ.എ.എസ്,കുന്നമ്മക്കര | വിധവാ പെൻഷൻ | 7-4-20 | 61/20,dt.14-5-20പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 11/22 ൽ ആണ് സസ്പെന്റ് ചെയ്തത് |
| റോസക്കുട്ടി, ഇലഞ്ഞിക്കൽ | കർഷകതൊഴിലാളി പെൻഷൻ | 7-5-19 | 83/19,dt.6-6-19പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തിയതിയിലും പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവ് ആയി നിലനിൽക്കുന്നു |

ധനകാര്യ വകുപ്പിന്റെ, 23-9-20ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം, മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യവകുപ്പിന്റെ 5-11-20ലെ സർക്കുലർ നം.67/2020/ധന

പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് തുക നൽകിയത് മൂലം സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, സാമ്പത്തിക നഷ്ടം ഉള്ള പക്ഷം ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | കൈമാറിയ തുക | കൈമാറിയ സ്ഥാപനത്തിന്റെ പേര് | തുക കൈമാറിയതിന്റെ വിവരങ്ങൾ |
|---|---|---|---|
| 10/22,ABC പ്രോഗ്രാം | 250000 | കുടുംബശ്രീ ജില്ലാ മിഷൻ കോ – ഓർഡിനേറ്റർ | ബിൽ നം-11/21-22,dt.16-6-21 |
| 122/22 ക്യാൻ, തൃശ്ശൂർ | 50000 | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | ബിൽ നം-36/21-22,dt.10-1-22, |
| 244/22 വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 12950<br>11590<br>23224<br>10873<br>63313 | ഇലക്ട്രിക്കൽ സെക്ഷൻ, പറപ്പൂക്കര<br>“” “”<br>“” “”<br>ഇലക്ട്രിക്കൽ സെക്ഷൻ, കൊടകര<br>ഇലക്ട്രിക്കൽ സെക്ഷൻ, പറപ്പൂക്കര | 22100232,dt.18-6-21<br>22101181,dt.23-2-22<br>251300401,dt.31-3-22<br>“” “”<br>“” “” |
| 146/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1502600<br>892605<br>107395 | കേരളാ വാട്ടർ അതോറിറ്റി | 42100311<br>42100313<br>42100318 |

## 1-19 ലൈഫ് ഭവനനിർമാണം-പണി പൂർത്തീകരിക്കേണ്ടതാണ്.

വി ഇ ഒ, നന്തിക്കര നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.40/22-ലൈഫ് ഭവനനിർമാണം(എസ് സി), എന്നതിൽ, കൊച്ചുമോൾ ഉണ്ണികൃഷ്ണൻ, പനങ്കുളം എന്ന ഗുണഭോക്താവിന്, ഭവനനിർമാണത്തിനായി, 2021-22ൽ, 1,60,000/രൂപാ ബിൽ നം-11/21-22,dt.24-9-21 പ്രകാരം നൽകിയതടക്കം, 2020-21,2021-22 വർഷങ്ങളിലായി, 2,00,000/രൂപാ നൽകിയെങ്കിലും, നാളിതുവരെ തറ പണി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ, നേരിട്ടും, കത്തുകൾ മുഖേനയും, മെമ്പർമാർ വഴിയും ആവശ്യപ്പെട്ടിട്ടും ഗുണഭോക്താവ് ഭവനനിർമാണം നടത്തുന്നില്ല എന്നും, തുടർന്ന് ആർ ആർ നടപടി സ്വീകരിക്കാൻ കമ്മിറ്റി തീരുമാനം എടുത്തതായും അറിയിച്ചിട്ടുണ്ട്. ഭവനനിർമാണം പൂർത്തീകരിക്കുകയോ, തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(എൻക്വയറി നം. 17/21-22. തീയതി. 25/2/23)

## 1-20 കുടിവെള്ള വിതരണം-വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വരൾച്ചാ

ദുരിതാശ്വാസത്തിന്റെ ഭാഗമായി ടാങ്കർ ലോറിയിൽ 25-3-21 മുതൽ 14-5-21 വരെ കുടിവെള്ളവിതരണം നടത്തിയിട്ടുണ്ട്. ആയതിന്റെ ട്രിപ്പ് ഷീറ്റ്, ജി പി എസ് ലോഗ് എന്നിവയുടെ അടിസ്ഥാനത്തിൽ കരാറുകരൻ, ശ്രീ.രതീഷ്, തുലാപ്പള്ളി, നെല്ലായി എന്നയാൾക്ക് തുക നൽകിയിട്ടുമുണ്ട്.

കുടിവെള്ള വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവ് നം.(സാധാ)446/2021/തസ്വഭവ, തി.15-2-21ൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തി വിതരണം ചെയ്യണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കരാറുകാരൻ, 25-3-21ന് കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കിയ വെള്ളത്തിന്റെ പരിശോധനാ റിപ്പോർട്ടിൽ, Coliform Bacteria-enumerous എന്നും, E Coli Bacteria-numerous എന്നും ആണ് കാണിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള വെള്ളം വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട് എന്ന വാക്കാലുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

കുടിവെള്ള വിതരണത്തിൽ, വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതും, അതുവഴി പൊതുജനങ്ങളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കേണ്ടതുമാണ്.

## 1-21 മണ്ണ് കുഴിച്ചെടുത്തത് സമയബന്ധിതമായി പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യാത്തതു മൂലം മണ്ണ് ലേലം ചെയ്യാനായില്ല. ആകെ 135201 രൂപയുടെ വരവ് നഷ്ടം.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ പല ആവശ്യങ്ങൾക്കായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ എം.ബുക്കിൽ ഈ മണ്ണ് എങ്ങിനെ ഡിസ്പോസ് ചെയ്തു എന്ന് ചേർത്തിട്ടില്ല. ഇതിന്റെ കാരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.3/ 22-02-2023) അസി എഞ്ചിനീയർ 24/02/23 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ മണ്ണ് സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് കൂട്ടിയിട്ടിരുന്നതായും പിന്നീട് മണ്ണ് അവിടെ നിന്നും പോയതായുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എഞ്ചിനീയർ മണ്ണ് അളവെടുത്ത എം ബുക്കിൽ മണ്ണിന്റെ ഡിസ്പോസൽ ചേർത്തിട്ടില്ല. മാത്രമല്ല അളവെടുത്ത തിയ്യതിയിലോ തൊട്ടടുത്ത തിയ്യതികളിലോ എഞ്ചീനീയർ മണ്ണിന്റെ വാല്യുവേഷൻ എടുക്കുകയോ, പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്തതായി രേഖയില്ല. മണ്ണ് നികന്നു പോയതായി മാത്രമാണ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അതു തന്നെ പ്രവൃത്തി നടന്ന് മാസങ്ങൾക്കു ശേഷം 25/08/22 ന് മാത്രമാണ്. ഇവിടെ സമയബന്ധിതമായി മണ്ണിന്റെ വാല്യുവേഷൻ എടുത്ത് റിപ്പോർട്ട് ചെയ്യുന്നതിലും മെഷർമെന്റ് ബുക്കിൽ ചേർത്തുന്നതിലും നിർവ്വഹണോദ്യോഗസ്ഥന് വീഴ്ച വന്നിട്ടുണ്ട്. ആയതിനാൽ നികന്നു പോയ മണ്ണിന്റെ വില എഞ്ചിനീയർ തന്നെ പിന്നീട് കണക്കാക്കിയ മൂല്യം പഞ്ചായത്തിന് സംഭവിച്ച വരവു നഷ്ടമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ തുക മെഷർമെന്റ് എടുത്ത സമയത്തെ അസി.എഞ്ചീനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | അളവ് രേഖപ്പെടുത്തിയ എം.ബുക്ക്, പേജ് നമ്പർ | ഫൈനൽ ബിൽ ഡിറ്റെയിൽസ് |
|---|---|---|---|---|
| 1 | 209/22, വൈല്ലൂർ കിഴക്കേ നട റോഡ് കാന നിർമ്മാണം. | 36.75മീറ്റർ ക്യൂബ്. | 884/20 പേജ്. 1,14(31-08-21) | 219028/ വൗ.നമ്പർ. 22101488/22-10-21 |
| 2 | 189/22, വെള്ളപ്പാലം സൈഡ് കെട്ടൽ | 466.04 മീറ്റർ ക്യൂബ് | 430/20 പേജ്.14. With Level Field Book. Page (1to 21) 18/02/21 | 79008 |
| 3 | 207/22, ഉളുമ്പത്ത് കുന്ന് റോഡ് കാനനിർമ്മാണം. | 84.76 മീറ്റർ ക്യൂബ് | 420/20 പേജ്.1(15/02/21) പേജ്.14(06-01-22) | 369085 |
| | ആകെ | 587.55 മീറ്റർ ക്യൂബ് | | |

ആകെ 587.55 മീറ്റർ ക്യൂബ് മണ്ണിന് ഒരു മീറ്റർ ക്യൂബിന് 230.11 രൂപ നിരക്കിൽ 135201 രൂപ വരവു നഷ്ടമായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

## 1-22 കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ ചേർക്കാത്തതു മൂലം മണ്ണ് ഏതു വിധത്തിൽ ഉപയോഗിച്ച

എന്നതിൽ അവ്യക്ത. 112689രൂപയുടെ മണ്ണ് ഏതു വിധത്തിൽ ഉപയോഗിച്ചു എന്ന് ഭരണ സമിതി പരിശോധിക്കേണ്ടതാണ്.

താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ വിവിധ ആവശ്യങ്ങൾക്കായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ മണ്ണിന്റെ ഡിസ്പോസൽ എങ്ങിനെയാണ് എന്ന് എം.ബുക്കിലോ, മറ്റു രേഖകളിലോ ചേർത്തിട്ടില്ല. ആകെ 489.72മീറ്റർ ക്യൂബ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് ഏതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്തിയോ എന്ന് നിലവിലുള്ള രേഖകൾ പ്രകാരമോ, എഞ്ചിനീയർ ഓഡിറ്റിന് നൽകിയ രേഖകളിലോ വ്യക്തമല്ല. പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി കൂട്ടിയിട്ട മണ്ണിന്റെ അളവ് 1985 മീറ്റർ ക്യൂബ് ആണ് എന്ന് പിന്നീട് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ മണ്ണ് ഏതൊക്കെ പ്രവർത്തികളിൽ നിന്ന് ഏതൊക്കെ കാലത്ത് ലഭ്യമായതാണ് എന്ന് വ്യക്തമല്ല. ഓഡിറ്റിന് ലഭ്യമായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള മണ്ണിന്റെ വിനിയോഗം വ്യക്തമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മണ്ണിന്റെ മൂല്യം നിലവിൽ എഞ്ചിനീയർ കണക്കാക്കിയതു പ്രകാരം മീറ്റർക്യൂബ് ഒന്നിന് 230.11 രൂപ എന്ന് കണക്കാക്കി ആകെ 112689 രൂപ വരവു നഷ്ടമായി മെഷർമെന്റ് എടുത്ത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ .3/22-02-23) ലഭ്യമായ ആകെ മണ്ണ് , ഇവയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് ഭരണസമിതി പ്രത്യേകം പരിശോധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ .3/22-02-23).

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | അളവ് രേഖപ്പെടുത്തിയ എം.ബുക്ക്, പേജ് നമ്പർ | ഫൈനൽ ബിൽ ഡിറ്റെയിൽസ് |
|---|---|---|---|---|
| 1 | 208/22, ഉപ്പൻ കാവ് മുതൽ ക്രഷർ വരെ കാന നിർമ്മാണം | 46.72 മീറ്റർ ക്യൂബ് | 421/20 പേജ്.1,2,6,8,35 | 497842 വൗ.22101492/05-02-22 |
| 2 | പന്തല്ലൂർ മറ്റത്തൂർ റോഡിൽ കാന നിർമ്മാണം. | 164.33 മീറ്റർ ക്യൂബ് | 501/20-21 പേജ്. 1,3, 12,13 (22/12/2021) | 657421 22101496/14-03-22 |
| 3 | 41/22.പൊങ്കോത്ര സ്കൂൾ റോഡ് ഐറിഷ് ഡ്രയിൻ നിർമാണം | 37.29 മീറ്റർ ക്യൂബ് | 886/20 പേജ്. 1,2,3 (17/12/21) | 252828 ചെക്ക് നമ്പർ. 9301140002252/11-03-22 |
| 4 | 187/22.നന്തിക്കര പള്ളിത്താഴം കുറുമാലി സച്ചി വഴി കലുങ്ക് കാന നിർമ്മാണം | 116.41 മീറ്റർ ക്യൂബ് | 432/20 പേജ്.1,2,45 273/18-19 പേജ്.9/ (12-10-20) | 230230 വൗ. 22101491/ 15-11-2021 |
| 5 | 195/22.പൊങ്കോത്ര വൈല്ലൂർ റോഡിൽ കൾവർട്ട് നിർമ്മാണം. | 41.68 മീറ്റർ ക്യൂബ് | 1003/20 പേജ്.5/ (05-11-20) | 117560 വൗ. 22101494/ 24.02.2022 |
| 6 | 210/22.ആറു കണ്ടം റോഡ് സൈഡ് കെട്ടൽ . | 32.92 മീറ്റർ ക്യൂബ് | 1022/20 പേജ്. 1 (14/02/22) | 193928 വൗ. 22101585/ 30/03/2022 |
| 7 | 92/22. പേയാട്ടിക്കളം കാന നിർമ്മാണം . വാർഡ്.17 | 50.37 മീറ്റർ ക്യൂബ് | 1005/20 1 To 3 (24/01/2022) | 25000 |
| | | 489.72 മീറ്റർ ക്യൂബ് | | |

1-23 സമയബന്ധിതമായി സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു ശേഷം സമയം വൈകി പിഴ കൂടാതെ കരാർ ഒപ്പിട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ചില പ്രവർത്തിയിൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല. ഓഡിറ്റിൽ ഈ പ്രവർത്തിയുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയ തിയ്യതി പരിശോധിച്ചതിൽ കരാർ ഒപ്പു വെയ്ക്കാൻ നിയമാനുസൃതമല്ലാത്ത കാലതാമസം വന്നിട്ടുണ്ട് എന്ന് കാണുന്നു. പി.ഡബ്ല്യു. മാനുവൽ ഖണ്ഡിക 2009-6 ലെ വ്യവസ്ഥകൾ പ്രകാരം കരാർ അംഗീകരിച്ച് 7 ദിവസങ്ങൾക്കകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണ് എന്നിരിക്കെ അത് നൽകാതെ പിന്നീട് നിയമാനുസൃത പിഴ ഈടാക്കാതെ കരാർ ഒപ്പിട്ടത് നിയമപരമായി നിലനിൽക്കുന്നതല്ല. 4457 രൂപ പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പ്രോജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ , തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നമ്പർ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 194/22 | പാങ്കുളത്തിൽ നിന്ന് കണ്ണൻചിറ തോടിലേക്ക് ചീപ്പ് ഇടൽ, തോട് അറ്റകുറ്റപ്പണികൾ | 05/05/20 തിയ്യതിയിലെ 2(2) തീരുമാനം | 445711 | എം.കെ.ഷാജി | 17/20-21/ AE/LSGD /PPK/01-07-20 | 4457 |

1-24 സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം വൈകി വെച്ച എഗ്രിമെന്റിന് പിഴ ഈടാക്കിയിട്ടില്ല

താഴെ ചേർക്കുന്ന പ്രവർത്തിയിൽ കരാറുകാരനുമായി ചേർന്ന് കരാർ ഒപ്പിട്ടത് നിയമാനുസൃത കാലപരിധി കഴിഞ്ഞാണ്. പി.ഡബ്ള്യു മാനുവൽ ഖണ്ഡിക.2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ പതിനാലു ദിവസത്തിനകം കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി ചേർന്ന് എഗ്രിമെന്റ് ഒപ്പു വെയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 1% വരുന്ന പിഴയോടു കൂടി മാത്രമേ അടുത്ത പത്തു ദിവസത്തേക്ക് കരാർ വെയ്ക്കാൻ പാടുള്ളൂ. സെലക്ഷൻ നോട്ടീസിലും ഈ വസ്തുത വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. വസ്തുത ഇതായിരിക്കെ ഈ പ്രവൃത്തിയിൽ താഴെ ചേർക്കുന്ന പ്രവർത്തികളിൽ സെലക്ഷൻ നോട്ടീസയക്കുകയും ആയതിലെ വ്യവസ്ഥകൾ പാലിക്കാതെ ഫൈൻ പോലും ഈടാക്കാതെ കരാർ ഒപ്പിടുകയും ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പിഴ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പ്രോജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് നമ്പർ, തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 185/22 | പറപ്പൂക്കര രണ്ടാം വാർഡ് കാടത്തോട് പൂർത്തീകരണം | TN01/2019-20 Dt. 19/08/2019 | 13/19-20 /AE/LSGD /PPK/dt. 30/09/2019 | 360859 | സെക്രട്ടറി . മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി | 3608 |

1-25 സുഭിക്ഷകേരളം -കറവ പശു വിതരണം സബ്സിഡി തുക പശുക്കളെ വില്പനനടത്തിയവരുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - സുഭിക്ഷകേരളം -കറവ പശു വിതരണ പദ്ധതി ജനറൽ (101/2021-22)

നിർവ്വഹണം - വെറ്ററനറി സർജൻ

അടങ്കൽ തുക & ചെലവ് - 900000 (വികസന ഫണ്ട്-ജനറൽ)

മേൽ പദ്ധതി പ്രകാരം 30000/- രൂപ ലോണായി എടുക്കുകയും, സബ്സിഡി തുക 30000/- രൂപ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, 60000/- രൂപ വിലയുള്ള പശുവിനെ വാങ്ങുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൻ പ്രകാരം 30ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 30000/- രൂപ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയ്യതി | തുക | തുക നൽകിയത് |
|---|---|---|---|
| 1 | 4/21-22 /10.1.22 | 120000 | തൃശ്ശൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 2 | 5/21-22 /1.10.22 | 30000 | ബാങ്ക് ഓഫ് ഇൻഡ്യ |
| 3 | 6/21-22 /1.10.22 | 90000 | പറപ്പൂക്കര റൂറൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 4 | 7/21-22 /10.1.22 | 120000 | പറപ്പൂക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 5 | 8/21-22 /20.1.22 | 60000 | പറപ്പൂക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 6 | 9/21-22 /21.1.22 | 180000 | പറപ്പൂക്കര റൂറൽ കോ ഓപ്പറേറ്റീവ് ബാങ്ക് |
| 7 | 10/21-22 /20-1-22 | 30000 | ബാങ്ക് ഓഫ് ഇൻഡ്യ |
| 8 | 11/21-22 /15-2-22 | 60000 | ബാങ്ക് ഓഫ് ഇൻഡ്യ |
| 9 | 12/21-22 /15.2.22 | 90000 | തൊട്ടിപ്പാൾ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 10 | 15/21-22 /24.2.22 | 90000 | പറപ്പൂക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 11 | 18/21-22 /15.3.22 | 30000 | ബാങ്ക് ഓഫ് ഇൻഡ്യ |
| | ആകെ | 900000 | |

സബ്സിഡി മാർഗരേഖ സ.ഉ (കൈ) 22/2018 /ത സ്വ ഭ വ തീ.14/2/2018 ഖ. 6.2 കുറിപ്പ് 5 ൽ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ വായ്പാബന്ധിത പ്രോജക്ട് ആയതിനാൽ ഈ പദ്ധതി പ്രകാരം സബ്സിഡി തുക മേൽ പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഉരുക്കളെ വിൽപ്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറി എന്ന് ഉറപ്പുവരുത്തുന്നതിന് ആയിട്ടില്ല. സബ്സിഡി തുക പശുക്കളെ വില്പന നടത്തിയവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയതിന്റെ ബാങ്ക് സ്റ്റേറ്റ് മെന്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 13/24.2.23

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-കാലിതീറ്റ വിതരണം ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോകുന്നു

പ്രോജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി103/22,235/22

നിർവ്വഹണം - വെറ്ററിനറി സർജൻ

ചെലവ് -1.350000/--(103/22)

2.450000/-(235/22)

ട്രഷറി ബിൽ നമ്പർ ~~-~~2/21-22/29.10.21 , 350,000/-

16/21-22/24.2.22, 450,000/-

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം കന്നുകുട്ടികൾക്ക് കാലിതീറ്റ വിതരണം നടത്തുന്നതിനു വേണ്ടി തൻവർഷം രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സബ്സിഡി തുക മേൽ പ്രകാരം എസ്.എൽ.ബി യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 103/22പദ്ധതി പ്രകാരം28 ഗുണഭോക്തക്കൾക്ക് 12500/-രൂപ (സംസ്ഥാനവിഹിതം ഉൾപ്പെടെ)നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. 235/22 പദ്ധതി പ്രകാരം 6250 /- രൂപ നിരക്കിൽ 72 ഗുണഭോക്തക്കൾക്ക് കാലിതീറ്റ വിതരണം നടത്തുന്നതിനുള്ള ചുമതല പന്തല്ലൂർ, തൊട്ടിപ്പാൾ എന്നീ ക്ഷീര സഹകരണ സംഘങ്ങൾക്കാണ് നൽകിയിട്ടുള്ളത്. 32 മാസത്തേയ്ക്കാണ് കാലിതീറ്റ വിതരണം നടത്തേണ്ടത്. തൊട്ടിപ്പാൾ സംഘത്തിന്റെ കാലിതീറ്റ വിതരണ രജിസ്റ്റർ

പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലിതീറ്റ വാങ്ങാതെ പദ്ധതിയിൽ നിന്നു വിട്ടുപോയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കാലിതീറ്റ വാങ്ങുന്നതിരുന്ന കാലയളവ് |
|---|---|
| പ്രോജക്ട്- 103/22 വത്സല വേലായുധൻ തളിപ്പറമ്പിൽ | 1/23 മുതൽ (18/12/21-23/12/22 വരെ വാങ്ങിയിട്ടുണ്ട്) |
| പ്രോജക്ട്- 235/22 ഷൈനി വിൽസൺ,ഉറുവത്ത് | 1/8/22 (14/322-16.7.22വരെ വാങ്ങിയിട്ടുണ്ട്) |
| ഷീലനാഥൻ,പുതുപ്പള്ളി | 1/1/23 (14/3/22-16.7.22വരെ വാങ്ങിയിട്ടുണ്ട്) |
| ബായ്ബാബു,കുന്നത്ത് | 1/12/22 (14/3/22-15.11.22വരെ വാങ്ങിയിട്ടുണ്ട്) |

കാലിതീറ്റ വാങ്ങാതെ വിട്ടുപോയ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 കരാർ തുക രണ്ടര ലക്ഷത്തിലേറെ അധികരിച്ചിട്ടും പർച്ചേസ് ബില്ലിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ. അസി.സെക്രട്ടറി

പ്രോജക്ട് നമ്പർ. 246/22

പ്രോജക്ടിന്റെ പേര്. പട്ടിക ജാതിയിൽ പെട്ടവർക്ക് കുടിവെള്ളം ശേഖരിക്കുന്നതിന് വാട്ടർ ടാങ്ക് വാങ്ങി നൽകൽ.

മേൽ പ്രോജക്ടിൽ താഴെ ചേർക്കും പ്രകാരം തുകയുടെ ബില്ലുകൾ മാറിയിട്ടുണ്ട്. എന്നാൽ ആകെ തുക 2.5 ലക്ഷം രൂപയിൽ അധികരിച്ചിട്ടും 13/09/2018 ലെ വിജ്ഞാപനം 50/2018 സെൻട്രൽ ടാക്സ് പ്രകാരമുള്ള 2% ജി.എസ്.ടി ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല എന്നു കാണുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മൂന്നു തവണയായി ബിൽ മാറിയതു മൂലമാണ് തുക കണക്കാക്കാനാകാതെ പോയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ. 2/22-02-23).

| ക്രമ നമ്പർ | തിയ്യതി | തുക |
|---|---|---|
| 1 | 10/02/22 | 72000 |
| 2 | 10/02/22 | 24000 |
| 3 | 19/02/22 | 24000 |
| 4 | 19/02/22 | 72000 |
| 5 | 17/03/22 | 45201 |
| 6 | 17/03/22 | 16200 |
| 7 | 17/03/22 | 3399 |
| | ആകെ | 256800 |

## 1-28 കാരുണ്യ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽനിന്നും മെഡിസിൻ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവധ പദ്ധതികളുടെ ഭാഗമായി മരുന്നു ലഭ്യമാക്കുന്നതിന് കാരുണ്യമെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് തുകനൽകിയിട്ടുണ്ട്. ആയതിന് പൂർണ്ണമായും മരുന്ന് ലഭ്യമാക്കിയിട്ടില്ല . നൽകിയ തുകയുടെയും മരുന്ന് ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രഫോർമ ഇൻവോയിസ് നമ്പർ | നൽകിയ തുക, ബിൽനം/ചെക്ക് നമ്പർ | മരുന്ന് ലഭിക്കാനുള്ള തുകയുടെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 29/22,ഗൃഹകേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം | PRF849/23.06.21, 106359/- | 106359/-,7 /21-22,1.11.21 | 6583/ |
| 26/22,പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | PRF411/28 /05/21- 200000/- | 200000/-,8 /21-22,1.11.21 | 58464 |
| 151/22,കോവിഡ് പ്രതിരോധപ്രവർത്തനം -മരുന്ന് വാങ്ങൽ | PRF1638/12.08.21- 14955/- | 14955/- ,ചെക്ക് TSB 3292875/21.12.21 | 46928 |
| ആകെ | | | 111975/- |

മരുന്ന് ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-29 ഘടകസ്ഥാപനങ്ങളിലേക്ക് ഹരിത ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി ബയോകമ്പോസ്റ്റ് ബിൻ വാങ്ങിയത്- വിതരണം നിർദ്ദിഷ്ട പദ്ധതിയിൽ നിന്നും വ്യതിചലിച്ചു.

വി ഇ ഒ പറപ്പൂക്കര നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.157/22, ഘടകസ്ഥാപനങ്ങളിലേക്ക് ഹരിത ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി ബയോകമ്പോസ്റ്റ് ബിൻ വാങ്ങൽ എന്നതിൽ, ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് വാങ്ങി വിതരണം ചെയ്യുന്നതിനായി, 39 ബയോകമ്പോസ്റ്റ് ബിൻ, 1800/രൂപാ നിരക്കിൽ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷനിൽ നിന്നും വാങ്ങി അങ്കണവാടികൾ അടക്കം ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2 എണ്ണം വില്ലേജ് ഓഫീസുകൾക്കാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ഓഫീസും ഹരിത ഓഫീസ് ആക്കുന്നതിന്റെ ഭാഗമായാണ് വില്ലേജ് ഓഫീസിന് നൽകിയിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്നും മാറിപ്പോകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതും, പരാതിക്കിടയാകാത്ത വിധം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-30 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക അടവാക്കി

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ല, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി എസ് ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയ്ക്ക് പകരം., എസ്റ്റിമേറ്റ്+12% ജി എസ് ടി തുകയുടെ 4%ആണ് നൽകിയിരിക്കുന്നത്. ഇപ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം,പേര് | എസ്റ്റിമേറ്റ് തുക | 12%ജി എസ് ടി അടക്കമുള്ള എസ്റ്റിമേറ്റ് തുക | 4% പ്രതിഫലം നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് | തുക നൽകിയതിന്റ വിവരങ്ങൾ |
|---|---|---|---|---|---|---|
| 183/22 എം സി എഫ് സെന്ററുകളിൽ ഇലക്ട്രിഫിക്കേഷൻ | 80083.28 | 89693.27 | 3203 | 3588 | 385 | ബിൽ നം.27/21-22,dt.24-11-21,amt-88342, ഗോപിനാഥൻ.യു.ആർ |
| 181/22 പൊതുടോയ്‌ലറ്റുകളിലെ ഇലക്ട്രിഫിക്കേഷൻ | 112818.72 | 126356.97 | 4513 | 5054 | 541 | ബിൽ നം.32/21-22,dt.21-12-21,amt-123158, വിൽസൺ.ടി.എൽ |
| 182/22,നന്തിക്കര ജി എച്ച് എസ് എസ് ടോയ്‌ലറ്റ് ബ്ലോക്ക് ഇലക്ട്രിഫിക്കേഷൻ | 42925.5 | 48076.5 | 1717 | 1923 | 206 | ബിൽ നം.39/21-22,dt.10-1-22,തുക 47275വിൽസൺ.ടി.എൽ |

| | | | | | | |
|---|---|---|---|---|---|---|
| | | ആകെ | | | 1132 | |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മണ്ണ് കുഴിച്ചെടുത്തത് സമയബന്ധിതമായി പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യാത്തതു മൂലം മണ്ണ് ലേലം ചെയ്യാനായില്ല. ആകെ 135201 രൂപയുടെ വരവു നഷ്ടം.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ പല ആവശ്യങ്ങൾക്കായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ എം.ബുക്കിൽ ഈ മണ്ണ് എങ്ങിനെ ഡിസ്പോസ് ചെയ്തു എന്ന് ചേർത്തിട്ടില്ല. ഇതിന്റെ കാരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.3/ 22-02-2023) അസി എഞ്ചിനീയർ 24/02/23 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ മണ്ണ് സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് കൂട്ടിയിട്ടിരുന്നതായും പിന്നീട് മണ്ണ് അവിടെ നിന്നും പോയതായുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എഞ്ചിനീയർ മണ്ണ് അളവെടുത്ത എം ബുക്കിൽ മണ്ണിന്റെ ഡിസ്പോസൽ ചേർത്തിട്ടില്ല. മാത്രമല്ല അളവെടുത്ത തിയ്യതിയിലോ തൊട്ടടുത്ത തിയ്യതികളിലോ എഞ്ചിനീയർ മണ്ണിന്റെ വാല്വേഷൻ എടുക്കുകയോ, പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്തതായി രേഖയില്ല. മണ്ണ് നിന്നും പോയതായി മാത്രമാണ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അതു തന്നെ പ്രവൃത്തി നടന്ന് മാസങ്ങൾക്കു ശേഷം 25/08/22 ന് മാത്രമാണ്. ഇവിടെ സമയബന്ധിതമായി മണ്ണിന്റെ വാല്വേഷൻ എടുത്ത് റിപ്പോർട്ട് ചെയ്യുന്നതിലും മെഷർമെന്റ് ബുക്കിൽ ചേർത്തുന്നതിലും നിർവ്വഹണോദ്യോഗസ്ഥന് വീഴ്ച വന്നിട്ടുണ്ട്. ആയതിനാൽ നിന്നും പോയ മണ്ണിന്റെ വില എഞ്ചിനീയർ തന്നെ പിന്നീട് കണക്കാക്കിയ മൂല്യം പഞ്ചായത്തിന് സംഭവിച്ച വരവു നഷ്ടമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ തുക മെഷർമെന്റ് എടുത്ത സമയത്തെ അസി.എഞ്ചിനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | അളവ് രേഖപ്പെടുത്തിയ എം.ബുക്ക്, പേജ് നമ്പർ | ഫൈനൽ ബിൽ ഡിറ്റെയിൽസ് |
|---|---|---|---|---|
| 1 | 209/22, വൈലൂർ കിഴക്കേ നട റോഡ് കാന നിർമ്മാണം. | 36.75മീറ്റർ ക്യൂബ്. | 884/20 പേജ്. 1,14(31-08-21) | 219028/ വൗ.നമ്പർ. 22101488/22-10-21 |
| 2 | 189/22, വെള്ളപ്പാലം സൈഡ് കെട്ടൽ | 466.04 മീറ്റർ ക്യൂബ് | 430/20 പേജ്.14. With Level Field Book. Page (1to 21) 18/02/21 | 79008 |
| 3 | 207/22, ഉള്ളമ്പത്ത് കുന്ന് റോഡ് കാനനിർമ്മാണം. | 84.76 മീറ്റർ ക്യൂബ് | 420/20 പേജ്.1(15/02/21) പേജ്.14(06-01-22) | 369085 |
| | ആകെ | 587.55 മീറ്റർ ക്യൂബ് | | |

ആകെ 587.55 മീറ്റർ ക്യൂബ് മണ്ണിന് ഒരു മീറ്റർ ക്യൂബിന് 230.11 രൂപ നിരക്കിൽ 135201 രൂപ വരവു നഷ്ടമായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രോജക്ടുകളിൽ തുക ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം മാത്രം ഇവിടെ ചേർത്താൽ മതിയാകും.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | 2021-22 | 550000 | 1) PRO. No. 269/22 ഇലക്ട്രോണിക്ക് ടോയ്‌ലറ്റ് സ്ഥാപിക്കൽ | 31.03.2022-ൽ ചെലവഴിക്കാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചു പോയി | - |
| | | 100000 | 2) PRO. No. 109/22 വനിത ഫിറ്റ്നസ് സെന്റർ നിർമ്മാണം – വാർഡ് – 11 | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | Project No. 146 Pipe Line Extension | 42100311 | 1502600 | - | - | 1502600 |
| | | 42100313 | 892605 | - | - | 892605 |
| | | 42100318 | 107395 | - | - | 107395 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും പ്രവൃത്തി പൂർത്തീകരിക്കാതെ ബാക്കി നിൽക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം മാത്രം ചേർക്കുക.

| ക്രമ നം. | പദ്ധതിയുടെ പേര് | നൽകിയ തുക |
|---|---|---|
| NIL | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 3318160 | 2923226 | 396000 | | 2527226 |
| ശതാബ്ദി ഭവന പദ്ധതി | | 14600000 | 4870000 | 200000 | | 2870000 |

## 4-5 സ്ഥിര നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20605222 |
| തൻവർഷം നിക്ഷേപിച്ച തുക / പലിശ | 673002 |
| ആകെ | 21278224 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 673002 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20605222 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 14020 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് | 591202 |
| സ്ഥിര നിക്ഷേപങ്ങൾ | 20000000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീതി നം. തീയതി |
|---|---|---|---|---|
| NIL | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| NIL | | | | | |

## 4-8 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93084219 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116346819 |
| വരവിനങ്ങളിലുള്ള നഷ്ടം | 135201 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവു നഷ്ടം | ചെലവു നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 2-1 | 135201 | | ജോൺസി.ടി.ജെ, അസി.എഞ്ചിനീയർ |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോൺസി.ടി.ജെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തളിക്കുളം ഗ്രാമ പഞ്ചായത്ത് | പുതുശ്ശേരി വീട്. വിയ്യൂർ.തൃശ്ശൂർ |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 2012-13 | LFT P7-228/14 Dtd.10.10.14/ 12.12.14 | 6 | 3-2, 3-9, 3-10, 3-11, 3-12, 3-18 | |
| 2 | 2013-14 | KSA-TSR-P7-188/15 Dtd.07.07.15/ 11.09.15 | 7 | 3-1, 3-6, 3-9, 3-12, 3-15(ക്രമ നം.2,3,4,6,7), 3-16(2), 3-17 | |
| 3 | 2014-15 | KSA-TSR-P7-875/16 Dtd.03.06.16 | 4 | 3-3(ക്രമ നം.4), 3-7, 3-8, 3-9 | |
| 4 | 2015-16 | KSA-TSR-P7-2098/16 Dtd.16.01.17 | 1 | 3-7( ക്രമ നം.4) | |
| 5 | 2016-17 | KSA-TSR-P7-1716/17 Dtd.24.11.17/ 15.12.17 | 6 | 2-3(2), 2-4, 3-3, 3-7, 3-9, 3-10(ക്രമ നം.3,4,6,8) | |
| 6 | 2017-18 | KSA-TSR-P7-773/19 Dtd.12.06.2019 | 8 | 2-2, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-10 | |
| 6 | 2018-19 | KSA-TSR-P10-1316/21 Dtd.15.12.2020 | | | |
| 7 | 2019-20 | KSA-TSR-P10-877/21 Dtd.05.07.2021 | | | |
| 8 | 2020-21 | KSA-TSR-P10-1036/22 | | | |

| | | | | | |
|---|---|---|---|---|---|
| | | Dtd.03.07.2022 | | | |

1994-95 മുതൽ ഉള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിലും പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടതിനാൽ സാധൂകരണത്തിനായി പഞ്ചായത്ത് സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. 2012-13 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി ഹാജരാക്കുകയും അവ അദാലത്തിൽ പരിഗണിക്കുകയും ചെയ്തു . 1994-95 മുതൽ 2011-12 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പ് സർക്കാർ തീരുമാനത്തിന് വിധേയമായിരിക്കും.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്